'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പറവൂർ നഗരസഭ-ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2480/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/11/2019**

---

പരാമർശം:- 1 29.07.2009 തീയതിയിലെ സ.ഉ.(എം‌എസ്) നം.147/2009/തസ്വഭവ

2 പറവൂർ നഗരസഭാ സെക്രട്ടറിയുടെ 13.08.2018,02.09.2019, 10.10.2019 എന്നീ തീയതികളിലെ ഇ1-1438/14 നമ്പർ കത്തുകൾ.

3 നഗരകാര്യ ഡയറക്ടറുടെ 04.10.2018 തീയതിയിലെ ഡിസി3-19527/18 നമ്പർ കത്ത്.

**ഉത്തരവ്**

1. പറവൂർ നഗരസഭയിൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും 6 കോടി രൂപ 8 വർഷ കാലാവധിയിൽ വായ്പ എടുക്കുന്നതിന് അനുമതി അഭ്യർത്ഥിച്ച് പരാമർശം 2 പ്രകാരം പറവൂർ നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ നഗരസഭാ കൗൺസിലിന്റെ 17.07.2018ലെ തീരുമാനം സഹിതം പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചിരുന്നു. വായ്പ അടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി-യ്ക്ക് നൽകാവുന്നതാണെന്ന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന കോട്ടപ്പുറം വില്ലേജിൽ 34ാംബ്ലോക്കിൽ റീസർവ്വെ നമ്പർ 216/15,16,19,20,28,37,40,41,42,43,44,45,46,47ൽപ്പെട്ട 32.6 ആർ വസ്തുവും കെട്ടിടങ്ങളും ജാമ്യമായി നൽകിക്കൊണ്ട് 10% നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതിലഭ്യമാക്കണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പറവൂർ നഗരസഭ ബസ് സ്റ്റാന്റ് കം-ഷോപ്പിംഗ് കോംപ് ളക്സ് നിർമ്മിക്കുന്നതിന്, ഷോപ്പിംഗ് മാൾ നിർമ്മിക്കുന്ന കോട്ടപ്പുറം വില്ലേജിൽ 34ാംബ്ലോക്കിൽ റീസർവ്വെ നമ്പർ 216/15,16,19,20,28,37,40,41,42,43,44,45,46,47ൽപ്പെട്ട 32.6 ആർ വസ്തുവും കെട്ടിടങ്ങളും ജാമ്യമായി നൽകിക്കൊണ്ട് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 10% പലിശ

നിരക്കിൽ 6കോടി രൂപ വായ്പയെടുക്കുന്നതിന് ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് 1963 സെക്ഷൻ (3) പ്രകാരം പരവൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പരവൂർ നഗരസഭ, കൊല്ലം.

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ